## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ . 3423

23.06.2014-ൽ മറുപടിക്ക്

### കടലാക്രമണത്തിൽ ഫൈബർ വള്ളം തകർന്ന് വള്ളിക്കുന്ന് മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായ നഷ്ടം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കടലാക്രമണത്തിൽ ഫൈബർ വള്ളം തകർന്ന് വള്ളിക്കുന്ന് മണ്ഡലത്തിലെ മത്സ്യത്തൊഴിലാളികൾക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടം കഴിഞ്ഞവർഷം സംഭവിച്ചിട്ടും ഇതുവരെ നഷ്ടപരിഹാരം നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം ചർച്ച ചെയ്യുവാൻ മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ യോഗത്തിലെ തീരുമാനങ്ങൾ ഇതുവരെ നടപ്പിലാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും (ഡി) യും | 17.07.13 ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നടന്ന യോഗ തീരുമാനങ്ങളിൽ ഒന്നാമത്തെ തീരുമാനമായ പ്രകൃതി ക്ഷോഭത്തിൽ മത്സ്യബന്ധനയാനങ്ങൾക്കും അനുബന്ധ ഉപകരണങ്ങൾക്കും നിലവിൽ നൽകി വരുന്ന നാമമാത്രമായ നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ (റവന്യൂ വകുപ്പ് നിരാകരിച്ചതിനാൽ) മന്ത്രിസഭയുടെ പരിഗണനയ്ക്ക് വച്ചിട്ടില്ല. രണ്ടാമത്തെ തീരുമാനമായ ഇൻബോർഡ് വള്ളങ്ങളേയും യന്ത്രവൽകൃത വള്ളങ്ങളേയും ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ ആയത് പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നതിന് സ.ഉ.(സാധാ) 316/14/മതുവ തീയതി 29.04.14 പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നാമത്തെ തീരുമാനമായ കടൽക്ഷോഭത്തിൽ നാശനഷ്ടം സംഭവിച്ച യാനങ്ങളും പ്രത്യേക പരിഗണന നൽകി |
| (സി) | ഇതു സംബന്ധിച്ച് മന്ത്രിസഭാ യോഗത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | | |
| (ഡി) | മത്സ്യത്തൊഴിലാളികൾക്ക് അർഹമായ തോതിൽ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഉടൻ സ്വീകരിക്കുമോ ? | | |

| | | | |
|---|---|---|---|
| • | | | ധനസഹായം നൽകുന്ന വിഷയം മന്ത്രിസഭ യോഗത്തിനു മുമ്പാകെ സമർപ്പിക്കുകയും 17.05.14 ലെ സ.ഉ. (കൈ) 192/14/റവ. നം. ഉത്തരവ് പ്രകാരം, മന്ത്രിസഭാ യോഗതീരുമാന പ്രകാരം ആവശ്യമായി വരുന്ന 69,37,300/- രൂപ 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ